"പോലീസിന്റെ പരിശീലന പദ്ധതി"

*16 [398] *ശ്രീ. ബിനോയ് വിശ്വം:*

,, *എം. കുമാരൻ:*

,, *മാങ്കോട് രാധാകൃഷ്ണൻ:*

,, *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പരിശീലന പദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇലക്ട്രിക് ലാത്തികൾ ഉൾപ്പെടെ ഏതെല്ലാം പുതിയതരത്തിലുള്ള ആയുധ പരിശീലനങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) & (ബി) 19-5-2004-ലെ ജി.ഒ. (എംഎസ്.) 192/04/ആഭ്യന്തരം, ഉത്തരവു പ്രകാരം പോലീസുകാരുടെ ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.

പരിഷ്കരിച്ച സിലബസ് പ്രകാരം നിയമ അനുബന്ധവിഷയങ്ങൾ കൂടാതെ കരാട്ടേ, യോഗ, നീന്തൽ, ഡ്രൈവിംഗ് തുടങ്ങിയ പരിശീലനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട സ്വഭാവരീതികളും, തെളിവു നിയമങ്ങളും പഠിപ്പിക്കുന്നതിനായി സിലബസിൽ മാറ്റം വരുത്തിയിട്ടുണ്ട്. 2004-ൽ ഉദ്ഘാടനം നടന്ന കേരള പോലീസ് അക്കാദമിയിൽ മെച്ചപ്പെട്ട ട്രെനിംഗ് സൗകര്യങ്ങളായ ട്രാഫിക് സ്കൂൾ, മ്യൂസിക് സ്കൂൾ, ടെലികമ്മ്യൂണിക്കേഷൻ സ്കൂൾ തുടങ്ങിയ പുതിയ രീതിയിലുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. നിലവിലുള്ള ട്രെയിനിംഗ് പീരിയഡ് 2170 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡെയ്ലി ഷെഡ്യൂൾ ദിവസേന 380 മിനിട്ട് എന്നത് 430 മിനിട്ടായി വർദ്ധിപ്പിച്ചു. ഇത്തരത്തിൽ ഇൻഡോർ/ഔട്ട്ഡോർ വിഷയങ്ങളിൽ നിലവിലുള്ള പീരിയഡുകൾ വർദ്ധിപ്പിച്ചും പുതിയവ ഉൾപ്പെടുത്തിയും ആധുനികരീതിയിലുള്ള പരിശീലനം നൽകിവരുന്നു.

(സി) ട്രെയിനിംഗ് സിലബസ് പ്രകാരമുള്ള ആയുധ പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇലക്ട്രിക് ലാത്തികൾക്ക് പ്രത്യേക പരിശീലനം ആവശ്യമില്ല. പുതിയതായി ഒരായുധത്തിലും പരിശീലനം നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly